ഒരു കാർഷികകാളേജ്.

*642. [39] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു ഒരു കാർഷിക കാളേജ് തുടങ്ങുന്നതിനെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറ് എതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു;

(സി) ഈ കാളേജ് ആരംഭിക്കുന്നതിന് എത്ര താമസം വരും;

(ഡി) എന്തു ചെലവ് ഏതേതിനത്തിൽ വരുമെന്നു പ്രതീക്ഷിക്കുന്നു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ, ബി) ഇല്ല.

(സി) അടുത്ത വിദ്യാലയവർഷം മുതൽ ആരംഭിക്കുന്നതിനു നിശ്ചയിച്ചിരിക്കയാണ്.

(ഡി) ആവർഷംകൊണ്ട് 88½ (എൺപത്തെട്ടര)ലക്ഷംരൂപ ചെലവുവരുന്ന ഒരു പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളതു. കൃത്യമായി ഇനംതിരിച്ചുള്ള ചെലവുകണക്ക് എടുത്തിട്ടില്ല. എങ്കിലും അടുത്തവർഷം കാളേജ് തുടങ്ങത്തക്കവണ്ണം കെട്ടിടം, സ്ഥലം, സാമഗ്രികൾ മുതലായവ വാങ്ങിക്കുന്നതിനും, സ്റ്റാഫിനെ നിയമിക്കുന്നതിനും 14½ (പതിനാലര) ലക്ഷം രൂപ അടുത്തവർഷത്തെ ബഡ്ജറ്റിൽ കൊള്ളിക്കുന്നതിനു ഏർപ്പാടു ചെയ്തിട്ടുണ്ട്. ബാക്കി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സംഖ്യ അഞ്ചുവർഷങ്ങൾകൊണ്ടു ചെലവാക്കികാളേജ് പൂർത്തിയാക്കത്തക്കവണ്ണം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ എടുത്തിട്ടുണ്ടു്.

Civil Works and Development Works.

*643. [44] **Shri V. V. Sebastian:** Will the Minister for Works and Transport be pleased to state:

(*a*) what is the amount expended by the Government for

(i) Civil Works; and

(ii) Development Works in each District during 1954-55; and

(*b*) what is the total amount budgeted for the above works for 1954-55?

Minister for Works **(Shri K. I. Velayudhan):** (*a*) The expenditure up to the end of January 1955 for—

Civil Works (Original Works).

		Rs.
Trivandrum District	..	9,88,702
Quilon District	..	5,98,638
Kottayam District	..	6,92,965
Trichur District	..	4,84,412
Total	..	27,64,717

LIBRARY ARCHIVES Kerala Legislative Assembly

for Development Works.

		Rs.
Trivandrum District	..	10,86,420
Quilon District	..	9,17,507
Kottayam District	..	16,29,247
Trichur District	..	2,46,262
Total	..	38,79,436
(b) Civil Works	..	67,54,000
Development Works	..	80,57,000

കുട്ടികളുടെ ആരോഗ്യനില.

*644. [45] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യനില പരിശോധിക്കുന്നതിന് എന്തെങ്കിലും ഏർപ്പാടുകളുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ., ബി.) വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യനില പരിശോധിക്കുന്നതിനു് ഇപ്പോൾ ഏർപ്പാടൊന്നും ഇല്ല. ഗവണ്മെൻറ് നിർദ്ദേശം അനുസരിച്ചു് വിദ്യാഭ്യാസ ഡയറക്ടർ, സർജൻ ജനറൽ, പബ്ലിക് ഹെൽത്ത് ഡയറക്ടർ ഇവർ ആലോചിച്ചു് ഈ ആവശ്യത്തിനു് ഒരു സ്കീം തയ്യാറാക്കി അയച്ചിട്ടുണ്ടു്. സ്കീം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുന്നു.

ബസ്സ്റൂട്ട് ദേശവൽക്കരണം.

*645. [47] ശ്രീ. പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55 സാമ്പത്തികവർഷത്തിൽ ഈ സ്റ്റേറിലെ എത്തെല്ലാം പുതിയ ലൈനുകളിൽ ട്രാൻസ്പോർട്ട് സർവ്വീസു് ഭാഗികമായോ, പരിപൂർണ്ണമായോ നടപ്പിൽ വരുത്തിയിട്ടുണ്ടു്;

(ബി) ട്രാൻസ്പോർട്ട ദേശവൽക്കരണത്തെപ്പറ്റി ഈ ഗവണ്മെൻറിൻെറ നയം എന്താണു്;

(സി) 1955-56 സാമ്പത്തിക വർഷത്തിൽ എതെങ്കിലും പുതിയ ലൈൻ ദേശവൽക്കരിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 1954-55-ൽ താഴെ പറയുന്ന ലൈനുകളിൽ എക്സ്പ്രസ്സ് സർവ്വീസും നടപ്പിൽ വരുത്തിയിട്ടുണ്ടു്.

1. എറണാകുളം—തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly